# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 01/07/2013 ൽ മറുപടിയ്ക്ക്

**ചോദ്യം നമ്പർ : 4802**

## ക്ലാസ് ഫോർ ജീവനക്കാർക്ക് എല്ലാ വകുപ്പുകളിലും 10 ശതമാനം പ്രൊമോഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) സെക്രട്ടേറിയറ്റിൽ ക്ലാസ് ഫോർ ജീവനക്കാരെ സെക്രട്ടറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ നടപടി ഏതുവരെയായിട്ടുണ്ടെന്നറിയിക്കുമോ ;<br><br>ബി) സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ് ഫോർ ജീവനക്കാരിൽ ബിരുദധാരികളും , ബിരുദാനന്തര ബിരുദധാരികളും വർഷങ്ങളായി അതേ തസ്തികയിൽ തന്നെ ജോലി ചെയ്തുവരികെ ഏതാനും വകുപ്പുകളിൽ പ്രസ്തുത തസ്തികയിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ; | **(എ) + (ബി)**<br><br>ക്ലാസ് ഫോർ ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിലുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽപ്പെട്ടവർക്ക് നിശ്ചിത യോഗ്യതകൾ ഉണ്ടെങ്കിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് (അസിസ്റ്റന്റ് കേഡറിലെ തസ്തികകളുടെ 4%) ബൈട്രാൻസ്ഫർ നിയമനത്തിന് വ്യവസ്ഥയുണ്ട്. |
| സി) ഇതേ മാനദണ്ഡത്തിൽ മറ്റ് വകുപ്പുകളിലും പ്രൊമോഷൻ നൽകുവാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ; എങ്കിൽ നിയമതടസ്സങ്ങൾ തീർക്കാൻ നടപടി സ്വീകരിക്കുമോ ;<br><br>ഡി) സർക്കാരിന്റെ ഭാഗത്തു നിന്നും എല്ലാ വകുപ്പുകളിലും 10 ശതമാനം പ്രൊമോഷൻ നൽകാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | **(സി) + (ഡി)**<br><br>വിവിധ സർക്കാർ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് (low paid employees) യോഗ്യതയുടെയും സീനിയോറിട്ടിയുടെയും മാത്രം അടിസ്ഥാനത്തിൽ ക്ലാസ്സ് III തസ്തികളായ എൽ.ഡി.സി., എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികളിലേക്ക് ബൈട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് നൽകുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ പരിശോധിച്ച് വരുന്നുണ്ട്. ആയതിന്മേൽ അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ